# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5690 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളോട് ചേർന്ന് ക്രഷുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.സി. ദിവാകരൻ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, എൽദോ എബ്രഹാം** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ അംഗൻവാടികളോട് ചേർന്ന് ക്രഷുകൾ ആരംഭിക്കുന്നതിന് നീക്കമുണ്ടോ; | (എ) സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുള്ള അങ്കണവാടികളോട് ചേർന്ന് 250 ക്രഷുകളാരംഭിക്കുന്നതു സംബന്ധിച്ച് ഗവർണ്ണറുടെ നയപ്രഖ്യാപനമുണ്ടായിട്ടുണ്ട്. ടി സംരംഭം സംബന്ധിച്ച് തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത ക്രഷുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് കുഞ്ഞുങ്ങളുടെ മാനസിക-ശാരീരിക വികസനത്തിനായി ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളുടെ ശാരീരിക, മാനസിക, സാമൂഹിക, ബൗദ്ധിക, വൈകാരിക വികാസത്തിന് അടിത്തറ പാകുക എന്ന ലക്ഷ്യത്തോടെയാണ് ടി ക്രഷുകൾ ആരംഭിക്കുന്നത്. ക്രഷ് വികസിപ്പിക്കുന്നതിനായി 150-175sq.feet വിസ്തൃതിയുള്ളതും കുടിവെള്ളം, വൈദ്യുത കണക്ഷൻ എന്നിവയോടു കൂടിയതുമായ കെട്ടിട സൗകര്യം, 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുഞ്ഞുങ്ങളുടെ പരിചരണം ഉറപ്പാക്കുന്നതിനായി രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണി വരെയുള്ള സമയത്ത് ഷിഫ്റ്റ് അടിസ്ഥാനത്തിൽ 2 ക്രഷ് വർക്കർമാർ, അങ്കണവാടിയിൽ പാചകം ചെയ്യുന്ന പോഷകാഹാരത്തിനു പുറമേ 6 മാസം മുതൽ 3 വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് നൽകുവാനുള്ള പോഷകാഹാരം, കുഞ്ഞുങ്ങളുടെ പരിചരണവുമായി ബന്ധപ്പെട്ട് ടോയ്സ്, ക്രാഡിൽ. ബേബി ബെഡ് എന്നിവയും അങ്കണവാടി കം ക്രഷുമായി ബന്ധപ്പെട്ട് സജ്ജീകരിക്കുവാനുദ്ദേശിക്കുന്നു. ഇത് കൂടാതെ ഇത്തരം കുഞ്ഞുങ്ങളെ പരിചരിക്കുവാനായി ജീവനക്കാർക്ക് പ്രത്യേക പരിശീലനവും നൽകുവാനുദ്ദേശിക്കുന്നു. |

Vijayan

സെക്ഷൻ ഓഫീസർ